# ബാലശിക്ഷ

## സദൃ.വാക്യങ്ങൾ 3:12

**"അപ്പൻ ഇഷ്ടപുത്രനോടു ചെയ്യുന്നതുപോലെ യഹോവ താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു."**

ഈ ലോക ജീവിതത്തിൽ മതാപിതാക്കളായ നാം നമ്മുടെ മക്കൾ തെറ്റു ചെയ്താൽ ശിക്ഷിക്കും. അത് ആ പൈതലിന്റെ ദോഷത്തിനല്ല മറിച്ച് നന്മയ്ക്കായിട്ടാണ് ചെയ്യുന്നത്. നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിൽ നിന്ന് അകന്നു പോകുമ്പോൾ നമുക്ക് ചില വ്യഥകൾ സഹിക്കേണ്ടതായി വരും. അതു കൊണ്ട് സ്വർഗ്ഗീയ പിതാവിന്റെ ശിക്ഷയെ നിരസിക്കരുത്. അവന്റെ ശാസനയിൽ മുഷിയുകയും അരുത്. അവിടെ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിന്റെ വലിയ ത്യാഗമനോഭാവം നാം സ്മരിക്കേണ്ടതാണ്. നമ്മൾ തെറ്റുചെയ്ത് അകന്നപ്പോൾ പാപികളായ നമ്മെ വീണ്ടെടുക്കാനായി നീതിമാനായ ദൈവം തന്റെ ഏകജാതനായ പുത്രനെ ഏൽപ്പിച്ചുകൊടുത്തു.

എന്നാൽ ഈ ലോക ജീവിതത്തിൽ തന്റെ വത്സല്യമക്കൾ തെറ്റു ചെയ്താൽ ശിക്ഷിക്കാതെയും, ശാസിക്കതെയും ഇരിക്കുന്ന മാതാപിതാക്കൾ തന്റെ മക്കളെ പകെയ്ക്കുന്നു എന്ന് വചനത്തിൽ പ്രതിപാദിക്കുന്നു. "വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെയ്ക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു." (സദൃ.വാക്യങ്ങൾ 13:24). അതുകൊണ്ടു പ്രിയരേ പിതാവായ ദൈവത്തിന്റെ മക്കളായിരിക്കുന്ന നാം നമ്മുടെ ജീവിതത്തിൽ അവന്റെ കൽപനകൾ അനുസരിച്ച്, യഹോവ ഭക്തിയിൽ, പാപത്തിൽ നിന്നൊഴിഞ്ഞ്, സത്യത്തിൽ നടക്കാം.

"കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോകുന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ?'' (എബ്രായർ 12:6-9).

തന്റെ പിതാവിന്റെ ന്യായപ്രമാണം അനുസരിച്ച് ജീവിക്കുക എന്നതാണ് നാം ഓരോരുത്തരിലും ഉള്ള കർത്തവ്യം. നമ്മുടെ തലമുറയെ പ്രകോപിപ്പിക്കാതെ പിതാവിന്റെ പത്യോപദേശത്തിൽ വളർത്തുക. അതിന്നു ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

എഫേസ്യർ 6:4

പിതാക്കന്മാരെ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്യോപദേശത്തിലും പോറ്റിവളർത്തുവിൻ

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 002